HON'BLE MR. K. R. ELANKATH : അതെല്ലാം വെയിറ്റു കുറവുള്ള ബസ്സുകൾ ആയതുകൊണ്ടാണ്. ചില അപകടങ്ങളും തീൻമൂലം ഉണ്ടായിട്ടുള്ളതായി അറിയാൻ സാധിച്ചിട്ടുണ്ട്.

MR. K. A. MATHEW : കഴിഞ്ഞ വർഷം ഗവണ്മെൻറു ബസ്സുകൾ എല്ലാം അവിടംവരെ പോയിട്ടുള്ളതായി അറിയാമോ ?

HON'BLE MR. K. R. ELANKATH : എല്ലാ ബസ്സുകളും പോയിട്ടില്ല.

MR. ABDUL AZIZ (*Trivandrum—Muslim*) : സ്പെഷ്യൽ പെർമിറ്റു കൾ ഏതെങ്കിലും തത്വത്തെ അടിസ്ഥാനമാക്കിയാണോ കൊടുക്കുന്നത് ?

HON'BLE MR. K. R. ELANKATH : അല്ല.

MR. ABDUL AZIZ : വലിയ കമ്പനിക്കാർക്ക് പ്രത്യേക പരിഗണന കൾ നൽകിയിട്ടുണ്ടോ ?

HON'BLE MR. K. R. ELANKATH : ഇല്ല.

MR. K. A. MATHEW : പ്രൈവറ്റു കമ്പനിക്കാർക്കു വേണ്ടി ഏതെങ്കിലും ഉദ്യോഗസ്ഥന്മാർ ക്യാൻവാസ് ചെയ്തതായി അറിയാമോ ?

HON'BLE MR. K. R. ELANKATH : ഇല്ല.

MR. K. S. JOSEPH (*Thiruvalla VI—General*) : ലൈനിൽ സർവ്വീസ് ഓടുന്നവക്കും സ്പെഷ്യൽ പെർമിറ്റു കൊടുത്തിട്ടുണ്ടോ ?

HON'BLE MR. K. R. ELANKATH : ഉണ്ട്.

MR. K. S. JOSEPH : അങ്ങനെ പെർമിറ്റു കൊടുത്തതിൽ ചില ഡിസ ക്രിമിനേഷൻസും ഉണ്ടായിട്ടുള്ളതായി അറിയാമോ ?

HON'BLE MR. K. R. ELANKATH : യാത്രക്കാരുടെ സൗകര്യം ആണ് ഈ കാര്യത്തിൽ പ്രധാനമായി നോക്കിയിട്ടുള്ളത്.

Service personnel.

* 608. MR. K. RAMACHANDRAN : Will the Hon'ble Minister for Ex-servicemen be pleased to state :

(*a*) the extent of the grant now available out of the funds issued from Central Government for resettlement of Ex-service personnel of the State ; and

(*b*) the number of Ex-service personnel who had so far been appointed in the Government service ?

HON'BLE MR. N. KUNJURAMAN : (എ) ഫർലോ ഗ്രാന്റ് ചെക്കും വ കാര്യം.

(ബി) സർവ്വീസ് ഗ്രാന്റ്. ഇതിൽ ഇൻഡ്യാ ഗവണ്മെൻറിൽ നിന്നും കിട്ടിയിട്ടുള്ളത് സർവീസ് ഗ്രാന്റ് ചെക്കും വ കാര്യമാണ്. ഇതുവരെ യുദ്ധാനന്തരപുനഃസംവിധാനപദ്ധതിയിലുൾപ്പെടുത്തി ചെലവാക്കിയിട്ടുള്ളത് റീസെറ്റിൽമെന്റ് ഗ്രാന്റ് ചെക്കും ആണ്.

LIBRARY ARCHIVES Kerala Legislative Assembly

MR. K. RAMACHANDRAN : ഈ മിച്ചം ഉള്ള തുക എങ്ങനെ ചെലവാക്കാനാണ് ഉദ്ദേശിക്കുന്നത്?

HON'BLE MR. N KUNJURAMAN : പോസ്റ്റൽ വർക്കർ റീകൺസ്ട്രക്ഷനു വേണ്ടിതന്നെ ഉപയോഗിക്കുന്നതാണു.

MR. K. RAMACHANDRAN : ഈ തുക മുഴുവൻ എല്ലാവക്കും പ്രയോജനപ്പെടത്തക്കവണ്ണം എന്തെങ്കിലും സ്കീം ആസൂത്രണം ചെയ്തിട്ടുണ്ടോ?

HON'BLE MR. N. KUNJURAMAN : അതേപ്പറ്റിയുള്ള പദ്ധതിയെപ്പറ്റി ഗവണ്മെൻറ് ആലോചിച്ചുവരുന്നു. പബ്ലിക്ക് സർവീസു കമ്മീഷണർ നൽകിയ പേരെ ഡിസംബർ വരെ നിയമിച്ചിട്ടുണ്ടെന്നു (ബി) ചോദ്യത്തിനുത്തരമായി ഞാൻ പറഞ്ഞു കഴിഞ്ഞു.

MR. ABDUL RAZAAK : What is the number of Ex-service men yet to be re-settled ?

HON'BLE MR. N. KUNJURAMAN : അതിന്റെ കണക്ക് ഇവിടെ ഇല്ല. സർവീസിൽ ആകെ എടുത്തിട്ടുള്ളവരുടെ എണ്ണം നൽകിയിട്ടുണ്ട്.

MR. K. K. CHELLAPPAN PILLAI : ആകെ ഇവിടെ എത്ര എക്സ് സർവീസുകാരുണ്ട്?

HON'BLE MR. N. KUNJURAMAN : ഇപ്പോൾ കൃത്യമായി പറയാൻ നിവൃത്തിയില്ല

MR. ABDUL RAZAAK : What is the number of Ex-service men registered in the Register of ex-service men in the State ?

HON'BLE MR. N. KUNJURAMAN : പബ്ലിക്ക സർവീസ് കമ്മീഷണർ മുഖാന്തിരവും, പോലീസ്, പി. ഡബ്ലിയു. ഡി., ട്രാൻസ്പോർട്ട്, ലേബർ മുതലായ ഡിപ്പാർട്ടുമെൻറ മുഖാന്തിരവും നൽകിയ പേരെ എടുത്തിട്ടുണ്ട്.

MR. ABDUL RAZAAK : Does it mean that there is no register for the ex-service men ? Have all the men been absorbed?

HON'BLE MR. N. KUNJURAMAN : ഇനിയും ധാരാളം ഉണ്ട്.

MR. K. RAMACHANDRAN : ബാക്കിയുള്ളവരെ കൂടി നിയമിക്കുവാൻ ഗവണ്മെൻറ് വേണ്ട നടപടികൾ എടുക്കുമോ?

HON'BLE MR. N. KUNJURAMAN : എടുക്കാം.

MR. K. RAMAKRISHNA PILLAI : ഐ. എൻ. എ-ക്കാരെ ഈ ലിസ്റ്റിൽ ഉൾപ്പെടുത്തിട്ടുണ്ടോ ?

HON'BLE MR N. KUNJURAMAN : വസ്തു പരിശോധിക്കുന്ന കാര്യത്തിൽ അവരെ കൂടി ഉൾപ്പെടുത്തീട്ടുണ്ട്. മാത്രമല്ല, ഇൻഡ്യൻ ആർമിയിൽനിന്നു ഐ. എൻ. എ-യിൽ ചേർന്നിട്ടുള്ളവരാണ് സൗജന്യം അർഹിക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

MR. K. K. CHELLAPPAN PILLAI (*Ma elikara II—General*) : എക്സ് സർവ സുകാർക്ക് ഇത്ര ശതമാനം ഉദ്യോഗം നൽകണമെന്നുള്ള രൂപം ഇവിടെ ഉണ്ടോ?

HON'BLE MR. N. KUNJURAMAN : അതനുസരിച്ചാണ് ചെയ്യുവരുന്നത്.

MR. K. RAMACHANDRAN : എക്സ സർവീസുകാരെ സംബന്ധിച്ചിടത്തോളം സെൻട്രൽ ഗവണ്മെൻറിന് ഒരു പ്രത്യേക സ്കീം ഉള്ളതായി ഗവണ്മെൻറിനറിയാമോ?

HON'BLE MR. N. KUNJURAMAN : അറിയാം. അതേപ്പറ്റി അറിയാം.

MR. K. RAMACHANDRAN : അതനുസരിച്ച് ഈ ഗവണ്മെൻറും പ്രവത്തിക്കുന്നതാണോ?

HON'BLE MR. N. KUNJURAMAN : അതേപ്പറ്റി ആലോചിച്ചു വരികയാണ്.

MR. K. A. MATHEW : അതിനു നിയുക്തനായ ഉദ്യോഗസ്ഥനെപ്പറ്റി പരാതികൾ ലഭിച്ചിട്ടുണ്ടോ ?

HON'BLE MR. N. KUNJURAMAN : ഇല്ല.

MR. K. A. MATHEW: പരാതികൾ ഇല്ലെങ്കിലും അതുപ്പറ്റിയുള്ളതായി ഗവണ്മെൻറിനറിയാമോ ?

HON'BLE MR. N. KUNJURAMAN : പരാതി കിട്ടാത്ത സ്ഥിതിക്ക് അങ്ങനെ പറയുന്നത് ശരിയല്ല.

ഇട്ടിക്കിപദ്ധതി.

*603. MR. KRISHNAN AIYYAPPEN (*Shertala III—General*) : താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ഇലക്ട്രിസിറ്റി വകുപ്പുമന്ത്രി സദയം മറുപടി പറയുമോ ?

ഇട്ടിക്കിപദ്ധതി സംബന്ധിച്ച് ഗവണ്മെൻറ് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ അതിൻറെ സ്വഭാവം, ഫലം, പ്രവർത്തനം മുതലായവ എങ്ങിനെയിരിക്കുന്നുവെന്നും പ്രസ്താവിക്കുന്നതിനു മയവുണ്ടാകുമോ ?

HON'BLE MR. K. R. ELANKATH : ഗവണ്മെൻറ് ചില അന്വേഷണങ്ങൾ നടത്തിയിട്ടുണ്ട്. അതിൻറെ ഫലമായി ഇട്ടിക്കിപദ്ധതിയിൽനിന്നും 12 ലക്ഷം കിലോവാട്ട് സ് കിട്ടാൻ സാധിക്കും. അതിൻറെ ചിലവ് ഇരുപത്തിയേഴുകോടി രൂപാ (27 കോടി) ആകും എന്നു മനസ്സിലാക്കിയിട്ടുണ്ട്".

LIBRARY ARCHIVES Kerala Legislative Assembly